ഭരണഭാഷ-മാതൃഭാഷ


**മണക്കാട് ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 685608 ഫോൺ നമ്പർ : 0486-2202248**
**ഇമെയിൽ : manakkadgp@gmail.com**


**നമ്പർ: 4434859-2025** **തീയതി : 06-10-2025**

പ്രേഷകൻ

സെക്രട്ടറി
മണക്കാട് ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ശ്രീ. ജോയി ജോസഫ്,
കുരിശിങ്കൽ, വഴിത്തല പി ഒ, 685583

സർ,

വിഷയം: മണക്കാട് ഗ്രാമപഞ്ചായത്ത് - ശ്രീ. ജോയി ജോസഫ്,കുരിശിങ്കൽ എന്നയാൾ ഉപജില്ലാ അദാലത്ത് സമിതി-1- സ്ഥിരം അദാലത്ത് സംവിധാനം മുൻപാകെ സമർപ്പിച്ച പരാതി സംബന്ധിച്ച്

സൂചന: 1. താങ്കൾ ഉപജില്ലാ അദാലത്ത് സമിതി-1- സ്ഥിരം അദാലത്ത് സംവിധാനം മുൻപാകെ സമർപ്പിച്ച പരാതി

2. ഉപജില്ലാ അദാലത്ത് സമിതി -1 ന്റെ 11.09.2025 ലെ യോഗ തീരുമാനം

മണക്കാട് ഗ്രാമപഞ്ചായത്ത് മണക്കാട് വില്ലേജിൽ റീസർവ്വേ നമ്പർ 465/8 ൽ നിർമ്മിച്ച കെട്ടിടത്തിന്, 30/08/2024 ജില്ലാ അദാലത്തിലെ തീരുമാനപ്രകാരം അനുവദിച്ച UA നമ്പർ റദ്ദാക്കണമെന്നും ,റഗുലർ നമ്പർ അനുവദിച്ച് തരണമെന്നും ആവശ്യപ്പെട്ട് താങ്കൾ ഉപജില്ലാ അദാലത്ത് സമിതി-1- സ്ഥിരം അദാലത്ത് സംവിധാനം മുൻപാകെ പരാതി നൽകിയതു പ്രകാരം അദാലത്ത് സമിതി താങ്കളുടെ പ്ലോട്ടിൽ നേരിട്ടു സന്ദർശനം നടത്തി, താഴെപറയും പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

**അദാലത്ത് തീരുമാനം**

മണക്കാട് ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള പരാതിക്കാസ്പദമായ കെട്ടിടത്തിന്റെ ഒന്നാം നിലയ്ക്ക് നമ്പർ അനുവദിച്ച് നൽകണമെന്ന് കാണിച്ച് 24.08.2024 ൽ സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്തിൽ പരാതിക്കാരൻ അപേക്ഷ നൽകിയിരുന്നതും അദാലത്ത് സമിതി ടി വിഷയത്തിൽ സ്ഥലപരിശോധനയടക്കം വിശദമായി പരിശോധന നടത്തുകയും താലൂക്ക് സർവ്വെയറുടെ സഹായത്തോടെ ടിയാളുടെ സ്ഥലം അളന്നുതിരിച്ച് സർവ്വെ സ്കെച്ച് പ്രകാരം ബൌണ്ടറി കൃത്യമായി നിർണ്ണയിച്ച് പ്ലോട്ടിൽ അനധികൃത നിർമ്മാണം വരുന്നുണ്ടെങ്കിൽ ടി ഭാഗം പൊളിച്ചുമാറ്റുന്നതിന് പരാതിക്കാരനോട് നിർദ്ദേശിക്കുന്നതിനും നടപടികൾ പൂർത്തിയാക്കാൻ താമസം വരുന്ന സാഹചര്യത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് UA നമ്പർ അനുവദിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനം എടുത്തിട്ടുള്ളതും ടി വിവരം പരാതിക്കാരനെ അറിയിച്ചിട്ടുള്ളതുമാണ്. ആയതുപ്രകാരം 12/56B(പാർപ്പിടാവശ്യം), 12/56C(വാണിജ്യാവശ്യം) എന്നിങ്ങനെ താൽക്കാലിക UA നമ്പർ ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടുള്ളതും നികുതി അടവാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്.

UA നമ്പർ അനുവദിച്ച നടപടി റദ്ദാക്കണമെന്നും റഗുലർ നമ്പർ അനുവദിച്ച് തരണമെന്നുമാണ് നിലവിൽ പരാതിക്കാരന്റെ ആവശ്യം. എന്നാൽ അദാലത്ത് സമിതി തീരുമാനപ്രകാരം താലൂക്ക് സർവ്വെയറുടെ സഹായത്തോടെ ടിയാളുടെ സ്ഥലം അളന്നുതിരിക്കുന്നതിനോ സർവ്വേ സ്കെച്ച് പ്രകാരം കെട്ടിടം ക്രമവത്ക്കരിക്കുന്നതിനോ ഉള്ള യാതൊരു നടപടിക്രമങ്ങളും പരാതിക്കാരൻ നാളിതുവരെ സ്വീകരിച്ചിട്ടില്ല. കൂടാതെ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോഴും തുടർന്നുവരുന്നതായും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിന്റെ കിഴക്കുവശത്തുകൂടിയുള്ള നടപ്പുവഴി കൈയ്യേറിയിട്ടുള്ളതായി ഒരു കേസ് നിലനിൽക്കുന്നതായും പരാതിക്കാരൻ അറിയിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ താലൂക്ക് സർവ്വെയറുടെ സർവ്വേ സ്കെച്ച് ലഭ്യമാക്കി പ്ലോട്ട് ബൌണ്ടറി കൃത്യമായി നിർണ്ണയിച്ച് ആയതിന്റെയടിസ്ഥാനത്തിൽ അനധികൃതനിർമ്മാണം ഉണ്ടെങ്കിൽ ടി ഭാഗം പൊളിച്ചുമാറ്റിയതിനുശേഷം വരുന്ന അളവുകൾ പ്രകാരമുള്ള കംപ്ലീഷൻ പ്ലാനും കെട്ടിടം ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ചും ടി വിവരം പരാതിക്കാരനെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും സമിതി ഐക്യകണ്ഠേന തീരുമാനിച്ചു.

ആയതിനാൽ മേൽ തീരുമാനപ്രകാരം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും, 12/56B(പാർപ്പിടാവശ്യം), 12/56C(വാണിജ്യാവശ്യം) എന്നിങ്ങനെ താൽക്കാലിക UA നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക ഉൾപ്പെടെ അടവാക്കേണ്ടതുമാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

Signature Not Verified
Digitally signed by A R Usha
Date: 2025.10.06 15:08:15 IST
Reason: KSMART

സെക്രട്ടറി